(ബി) മേൽപ്പറഞ്ഞ ഓരോ സ്രോതസ്സുകളിൽ നിന്നും ഓരോ മാസവും പിരിച്ചെടുക്കേണ്ട നികുതി കൃത്യമായി പിരിച്ചെടുക്കുന്നുവെന്ന് ഉറപ്പു വരുത്താറുണ്ട്. ഓരോ മാസവും പിരിച്ചെടുത്ത നികുതിയുടെ പ്രതിമാസ റിപ്പോർട്ടുകൾ ശേഖരിക്കുകയും പ്രതിമാസ അവലോകനം നടത്തുകയും ചെയ്തു വരുന്നു. കുറവ് അനുഭവപ്പെടുന്ന ഓഫീസുകളിൽ ആയതിന്റെ കാരണം കണ്ടുപിടിക്കുകയും കുറവ് പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കുറ്റക്കാരെന്ന് കാണുന്നവർക്കെതിരെ ശിക്ഷാ നടപടികളും സ്വീകരിച്ചു വരുന്നു. നികുതി അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്നവർക്കെതിരെ റനന്യൂ റിക്കവറി തുടങ്ങിയ നടപടികളും സ്വീകരിച്ചു വരുന്നു.

(സി) മുകളിൽ സൂചിപ്പിച്ച ഓരോ വില്പന നികുതി സ്രോതസ്സുകളിൽ നിന്നും 1996-97 മുതൽ ലഭിച്ച വരുമാനം അനുബന്ധമായി ചേർക്കുന്നു.†

അടയ്ക്കയ്ക്ക് വില്പന നികുതി

43 [326] ശ്രീ. കെ. സി. ജോസഫ് :

,, എഴുകോൺ നാരായണൻ :

,, ലൂഡി ലൂയിസ് :

,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അടയ്ക്കയ്ക്ക് വില്പന നികുതി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം;

(ബി) ഈ നികുതി അടയ്ക്കാ കർഷകരെ എപ്രകാരം ബാധിക്കുമെന്ന് വെളിപ്പെടുത്താമോ;

(സി) ഈ നികുതി പിൻവലിക്കണമെന്ന ആവശ്യം ഉയർന്നിട്ടുണ്ടോ;

(ഡി) ഈ വർഷം അടയ്ക്കയുടെ വില്പന നികുതിയിനത്തിൽ ഇതുവരെ കിട്ടിയ തുക എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേരള വില്പന നികുതി നിയമം ഒന്നാം പട്ടിക 7-ാം ഇനം പ്രകാരം സംസ്ഥാനത്തിനകത്തുനിന്നും വാങ്ങുന്ന അടയ്ക്കയ്ക്ക് അവസാന വാങ്ങൽ സമയത്തും സംസ്ഥാനത്തിന് വെളിയിൽ നിന്നും കൊണ്ടുവരുന്ന അടയ്ക്കയ്ക്ക് സംസ്ഥാനത്ത് ആദ്യ വില്പന സമയത്തും 8% ആണ് നികുതി നിരക്ക്. എന്നാൽ സർക്കാർ നോട്ടിഫിക്കേഷൻ എസ്. ആർ. ഒ. 127/2000 പ്രകാരം അടയ്ക്കയുടെ നികുതി 4% ആയി കുറച്ചിട്ടുണ്ട്.

†ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് നിന്നും സംഭരിക്കുന്ന അടയ്ക്കയ്ക്ക് അവസാന വാങ്ങൽ സമയത്താണ് നികുതി. ആയതിനാൽ ഇത് കർഷകരെ പൂർണ്ണമായും നേരിട്ട് ബാധിക്കാനിടയില്ല. എന്നാൽ സംസ്ഥാനത്തിന് വെളിയിൽ നിന്നും സംസ്ഥാനത്ത് കൊണ്ടുവന്ന് വില്ക്കുന്ന അടയ്ക്കയ്ക്ക് ആദ്യവില്പന പോയിന്റിൽ ഏർപ്പെടുത്തിയിട്ടുള്ള നികുതി സംസ്ഥാനത്തെ കർഷകന് ഗുണകരമാണ്.

(സി) ഇതു സംബന്ധിച്ച നിവേദനങ്ങൾ ലഭിക്കാറുണ്ട്.

(ഡി) വിവരം ശേഖരിച്ചു വരുന്നു.

മലബാറിലേക്ക് കള്ളക്കടത്തു വഴിയുള്ള നികുതി നഷ്ടം

44 [327] ശ്രീ. എം. എ. ചന്ദ്രശേഖരൻ :
,, എൻ. ഡി. അപ്പച്ചൻ :
ശ്രീമതി മാലേത്ത് സരളാദേവി :
ശ്രീ. ടി. യു. രാധാകൃഷ്ണൻ :
പ്രൊഫ. എ. ഡി. മുസ്തഫ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തു നിന്ന് അന്യ സംസ്ഥാനങ്ങളിലേക്ക് മലബാറുകൾ കള്ളക്കടത്ത് നടത്തുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുമൂലം സംസ്ഥാനത്തിന് വില്പന നികുതിയിനത്തിൽ നഷ്ടം ഉണ്ടാകാറുണ്ടോ;

(സി) എങ്കിൽ ഈയിനത്തിൽ പ്രതിവർഷം എന്തു തുക നഷ്ടമുണ്ടാകുന്നു;

(ഡി) സംസ്ഥാനത്ത് ഈടാക്കുന്ന മലബാറുകളുടെ വില്പന നികുതി, മറ്റു സംസ്ഥാനങ്ങളിൽ നിലവിലുള്ള നികുതിക്ക് തുല്യമാക്കുന്നതുമൂലം ഈ കള്ളക്കടത്ത് തടയുവാൻ കഴിയുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കള്ളക്കടത്ത് നടക്കുന്നതായിട്ടാണ് അറിവ്. ഇത് തടയുന്നതിനായി കൂടുതൽ ചെക്കുപോസ്റ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. മലബാറുകൾ "നോട്ടിഫൈഡ്" സാധനങ്ങളായി ഉൾപ്പെടുത്തി പെർമിറ്റോടുകൂടി മാത്രമേ കൊണ്ടുപോകുവാൻ പാടുള്ളൂ എന്ന നിബന്ധനയും നിയമത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) കള്ളക്കടത്ത് നടത്തുന്നത് നികുതി വെട്ടിപ്പിന് വേണ്ടിയായതിനാൽ, ഇതുമൂലം നികുതിയിനത്തിൽ നഷ്ടം ഉണ്ടാകാൻ സാദ്ധ്യതയുണ്ട്. കള്ളക്കടത്ത് തടയുന്നതിന് വേണ്ടി നടപടികൾ കൈക്കൊള്ളുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly